ഞാൻ ആഗ്രഹിക്കുന്നില്ല, കാരണം ഇപ്പോഴും ഈ കേസ് നിലവിലുണ്ട്.

ശ്രീമതി കെ.ആർ. ഗൗരി: ഒരു കേസ് വന്നാൽ ആറുമാസത്തിനകം ആ കേസ് ഡിസ്പോസ് ചെയ്യണം, അല്ലെങ്കിൽ ഇക്കൊല്ലം ആളിനെ എടുക്കാൻ പറ്റുകയില്ല. ഈ കേസ്സ് കൊടുത്തു കഴിഞ്ഞിട്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പിന്നേയും പിന്നേയും 6 മാസമാകാൻ പോകുമ്പോഴും നീട്ടിക്കൊണ്ടുപോകുന്നത് മാറി ഈ കേസ്സ് വേഗം ഡിസ്പോസ് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഗവൺമെന്റ് പ്ലീഡർമാർക്ക് ഇത് സംബന്ധിച്ച് നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം കൊടുക്കാം.

## വികലാംഗരുടെ നിയമനം

* 184 [230] ശ്രീ. പി. കെ. കെ. ബാവ:
,, കെ.പി.എ. മജീദ്:
,, കെ.പി. രാമൻ:
,, സി.റ്റി. അഹമ്മദലി:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ഒരു വർഷം 100 വികലാംഗരെ നിയമിക്കുവാൻ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എന്ത് മാനദണ്ഡത്തിലാണ് എന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ)

(എ) ഉണ്ട്. സംസ്ഥാനത്തെ സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ്ഗ്രേഡ് സർവ്വീസ്, പാർട്ട്-ടൈം കണ്ടിജന്റ് സർവ്വീസ് എന്നിവയിലോരോന്നിലും 50 വീതം പ്രതിവർഷം 150 നിയമനങ്ങളും വികലാംഗർക്ക് നൽകാൻ തീരുമാനിക്കുകയും അതിലേയ്ക്കായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സമൂഹത്തിലെ ദുർബ്ബലവിഭാഗമായ വികലാംഗരുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിന് ഉദ്യോഗനിയമനരംഗത്ത് സംരക്ഷണം നൽകേണ്ടത് അനിവാര്യമാണെന്ന് ഗവൺമെന്റ് കരുതി. സർവ്വീസിൽ നേരിട്ടുള്ള നിയമനം നടത്തുന്നതുവഴി മാത്രമേ ഇക്കാര്യം സാദ്ധ്യമാകുകയുള്ളുവെന്നും ഗവൺമെന്റിനു ബോദ്ധ്യമായി. ഇതിന്റെ അടിസ്ഥാനത്തിലാണ് മേൽ സൂചിപ്പിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. എ. മജീദ്: ഇങ്ങനെ വികലാംഗരെ നിയമിക്കുമ്പോൾ നിലവിലുള്ള സാമുദായിക സംവരണതത്വം പാലിക്കുന്നതിന് വല്ല നിബന്ധനയും വച്ചിട്ടുണ്ടോ? അങ്ങനെ ഇത് പാലിക്കുമെന്നുള്ളതിന് വല്ല ഉറപ്പും നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: നല്കിയിട്ടില്ല, വികലാംഗരിൽ ആ സമുദായത്തിന്റെ പ്രാതിനിധ്യമനുസരിച്ച് കൊടുക്കാൻ ഉള്ള കാര്യം ഗവൺമെന്റ് പരിശോധിക്കാം. ഗവൺമെന്റ് നേരിട്ടല്ല, അതിന് പ്രത്യേകം ഒരു സംവിധാനമുണ്ട്. ഓരോ ജില്ലയിലും നടത്തുന്ന നിയമനങ്ങളെ സംബന്ധിച്ച്.

ശ്രീ. കെ.പി.എ. മജീദ്: വികലാംഗരായിട്ടുള്ള ധാരാളം ജീവനക്കാർ വിവിധ വകുപ്പുകളിൽ താല്ക്കാലികമായി ജോലി നോക്കുന്നവരായുണ്ട്. അങ്ങനെയുള്ള ആളുകളെ സ്ഥിരപ്പെടുത്താൻവേണ്ടി എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: അങ്ങനെ താല്ക്കാലികമായി ഉള്ള വികലാംഗരെ സംബന്ധിച്ചിടത്തോളം അവരിൽ വികലാംഗ വർഷത്തിൽ നിയമനം കിട്ടിയ ആളുകളെ സ്ഥിരപ്പെടുത്തുകയുണ്ടായി. പക്ഷേ തുടർന്ന് എക്കാലവും അങ്ങനെ ചെയ്യുക പ്രയാസകരമാണ്. അവർക്കു പബ്ലിക് സർവ്വീസ് കമ്മീഷനിൽതന്നെ ചില പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഉയർന്ന പ്രായപരിധി 10 വർഷം കൂടി വർദ്ധിപ്പിച്ച് കൊടുത്തിട്ടുണ്ട്. കമ്മീഷന്റെ വിവേചനം അനുസരിച്ച് 10 ശതമാനം പരമാവധി മാർക്ക് കൊടുക്കാൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ മുൻഗണന കൊടുക്കാം, ഈ ആനുകൂല്യങ്ങളാണ് പൊതുവേ നൽകിയിട്ടുള്ളത്. അതിൽക്കൂടുതൽ എന്തെങ്കിലും ചെയ്യാൻ ഇന്നത്തെ വ്യവസ്ഥ അനുസരിച്ച് പ്രയാസകരമാണ്.

ശ്രീ. കെ.പി. രാമൻ: ഇങ്ങനെ ഈ വികലാംഗരെ നിയമിക്കുമ്പോൾ എത്ര ശതമാനം വികലാംഗത്വം വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ശ്രീ. കെ. കരുണാകരൻ: 40 ശതമാനം.

ശ്രീ. കെ.പി. രാമൻ: ഇന്ന് വികലാംഗരെ അധികവും നിയമിച്ച് കാണുന്നത് ലാസ്റ്റ് ഗ്രേഡിലാണ്. ഇവരുടെ വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ച് അവർക്കു പറ്റുന്ന തസ്തികകളിൽതന്നെ നിയമിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: തീർച്ചയായും അക്കാര്യം ശ്രദ്ധിക്കാം.

ശ്രീ. സി.ടി. അഹമ്മദ് അലി: വികലാംഗർക്കുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് പല ഡോക്ടർമാരും താൽപ്പര്യം കാണിക്കുന്നില്ല എന്നതിന്റെ പേരിൽ അത്തരം ഡോക്ടർമാരുടെ പേരിൽ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അർഹതയുള്ള ആളുകൾക്ക് സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ലായെങ്കിൽ പരാതി കിട്ടിയാൽ അവർക്കെതിരെ നടപടി സ്വീകരിക്കാം.

ശ്രീ. സി. ടി. അഹമ്മദ് അലി: കേരളത്തിൽ ആകെ എത്ര വികലാംഗരുണ്ടെന്നാണ് ഗവൺമെന്റിന്റെ പക്കലുള്ള കണക്ക് ?

ശ്രീ. കെ. കരുണാകരൻ: അതിന് പ്രത്യേക ചോദ്യം ചോദിച്ചാൽ വിവരം ശേഖരിച്ച് പറയാം.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്തു സൂപ്പി: വികലാംഗരെ നിയമിക്കുന്ന തീരുമാന മനുസരിച്ച് തൊഴിൽതലങ്ങളിൽ ആ സൗജന്യം ആർക്കെങ്കിലും നൽകി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് വല്ല പരാതിയും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ശ്രദ്ധയിൽ പെട്ടിട്ടില്ല. പരാതി തന്നാൽ തീർച്ചയായിട്ടും പരിശോധിക്കാം.

ശ്രീ. കെ.ഇ. ഇസ്മയിൽ: ആവശ്യമായ എല്ലാ യോഗ്യതയുമുള്ള വികലാംഗർ ഇപ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ചില പോസ്റ്റുകളിൽ ജോലിയിൽ തുടരുന്നുണ്ട്. ഇവരെ 6 മാസം കഴിയുമ്പോൾ പിരിച്ചുവിടുകയാണ് ഇപ്പോൾ ചെയ്യുന്നത്. എന്നാൽ വേണ്ടത്ര യോഗ്യതയുള്ള ആളുകളെ കിട്ടാത്ത അത്തരം പോസ്റ്റുകളിൽ 6 മാസം കഴിഞ്ഞാൽ അവരെ പിരിച്ചു വിടുന്നതിനു പകരം വികലാംഗരായ യോഗ്യതയുള്ള ജോലിക്കാരെ മറ്റ് യോഗ്യതയുള്ള ആളുകളെ കിട്ടുന്നതുവരെ തുടരാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അതിൽ പ്രത്യേകതരം സമീപനം സ്വീകരിക്കുന്നത് ബുദ്ധിമുട്ടായിരിക്കും. എങ്കിലും അവരുടെ സ്ഥിതികൂടി പരിഗണിച്ചുകൊണ്ട്, ഓരോ ഇനത്തിലും റിക്രൂട്ട് ചെയ്യുന്ന 50 ആളുകളിൽ തീർച്ചയായിട്ടും അവരുടെ പരിചയം അനുഗ്രഹമായിരിക്കും. അവർക്ക് ഏതെങ്കിലും വിധത്തിൽ പരിഗണന കൊടുക്കാൻ കഴിയുമോ എന്ന് ആലോചിക്കാം.

ശ്രീ. പി. സീതിഹാജി: 40 ശതമാനം വികലാംഗരായവർക്കാണ് ഈ ഉദ്യോഗം കൊടുക്കുന്നത്. മറ്റ് ജോലിക്കാരുടെ മാതിരി അവർക്ക് ജോലി ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ട് അവരുടെ ജോലിഭാരം കുറയ്ക്കാൻ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ഇവരെ ലാസ്റ്റ് ഗ്രേഡ് പോസ്റ്റുകളിലാണ് നിയമിക്കുന്നത്. ജോലി ചെയ്യിക്കുന്ന ആളുകൾ മനുഷ്യത്വപരമായ സമീപനം സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയാണ് നമുക്കുള്ളത്.

ശ്രീ. വി.ജെ. തങ്കപ്പൻ: വികലാംഗരെ പുനരധിവസിപ്പിക്കുന്നതിനുള്ള സർക്കാർ തലത്തിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ?

ശ്രീ. കെ. കരുണാകരൻ: ഈ ഘട്ടത്തിൽനിന്ന് ഉടിക്കുന്നില്ലാ യെങ്കിലും അവർക്കുവേണ്ടി പ്രത്യേകം കോർപ്പറേഷൻ ഉണ്ടാക്കിയിട്ടുണ്ട്. ആ കോർപ്പറേഷൻ അവരുടേതായ പദ്ധതികൾ ആവിഷ്ക്കരിച്ച് മുന്നോട്ടുപോകുന്നുണ്ട്.

ശ്രീ. വി. ദിനകരൻ: പി.എസ്.സി. യുടെ നിയമനങ്ങളിൽ വികലാംഗർക്ക് ചില പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ട് എന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ വികലാംഗർക്ക് ഒരു ശതമാനം സംവരണം പി. എസ്. സി. യുടെ നിയമനങ്ങളിൽ കൊടുക്കണമെന്ന ശുപാർശ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അത് നടപ്പിലാക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: എല്ലാം പരിഗണിച്ച ശേഷമാണ് ഇങ്ങനെ ഒരു തീരുമാനത്തിൽ എത്തിയത്.

ശ്രീ. ലോനപ്പൻ നമ്പാടൻ: വികലാംഗർക്ക് കേന്ദ്ര ഗവൺമെൻറ് നൽകുന്ന സംവരണത്തിനു പുറമെ ഇൻഡ്യയിലെ മറ്റ് എല്ലാ സംസ്ഥാനങ്ങളിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ട് കേരളത്തിലും വികലാംഗർക്ക് ഉദ്യോഗ സംവരണം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അത് പറഞ്ഞുകഴിഞ്ഞു. തരംതിരിക്കാലം ചെയ്യുന്നത് അവർക്ക് പ്രത്യേകമായ അപ്പോയിൻറ്മെൻറ് കൊടുക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും നിയമസഭ നിയോജകമണ്ഡലം റിസർവ്വ് ചെയ്തിട്ടുണ്ട്. അത് അവരുടെ ആവശ്യമായിരുന്നു. അതുപോലെ വികലാംഗർക്ക് ഒരു നിയോജകമണ്ഡലം റിസർവ്വ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. സി. ടി. കൃഷ്ണൻ: വികലാംഗർക്ക് പല സൗജന്യങ്ങളും സഹായങ്ങളും ഗവൺമെൻറ് അനുവദിച്ചുകൊടുത്തിട്ടുണ്ട്. പക്ഷേ ജോലിയിൽ നിയമിക്കപ്പെടുന്ന വികലാംഗർ ദിവസവും അൻപതും അറുപതും കിലോമീറ്റർ ബസ്സ് യാത്ര ചെയ്ത് ജോലിക്ക് പോകേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. അവരുടെ ബുദ്ധിമുട്ട് പരിഗണിച്ച് അവർ ഇത്രയും യാത്രചെയ്യാതെ അടുത്തുള്ള സ്ഥലത്ത് നിയമനം മാറ്റി നൽകുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഒഴിവുകൾ അനുസരിച്ചാണ് നിയമനം നടത്താറുള്ളത്. അങ്ങനെ നിയമനം നടത്തി നിശ്ചിത കാലാവധി കഴിഞ്ഞാൽ കഴിയുന്നതും അവരുടെ അടുത്ത സ്ഥലത്ത് കൊടുക്കാൻ ഒരു നിർദ്ദേശം കൊടുക്കാം.

ശ്രീമതി കെ.ആർ. ഗൗരി: വികലാംഗർക്ക് വികലാംഗവർഷമായ 1980-ൽ കേരള സർക്കാർ മൂന്നു ശതമാനം സീറ്റ് റിസർവ്വ് ചെയ്യുമെന്നു തീരുമാനിച്ച് പി.എസ്.സി.യെ അറിയിച്ചതിനുശേഷം ആ തീരുമാനം പുനഃപരിശോധിച്ച് ഈ വിധത്തിൽ ഒരു തീരുമാനം എടുക്കാനുള്ള കാരണമെന്താണ്?

ശ്രീ. കെ. കരുണാകരൻ: 3 ശതമാനം റിസർവ്വ് ചെയ്തതായിട്ട് കാണുന്നില്ല.

ശ്രീമതി കെ.ആർ. ഗൗരി: ക്യാബിനറ്റ് തീരുമാനമാണ്. നോക്കിയാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly